## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2867 — 20.03.2015 - ൽ മറുപടിയ്ക്ക്

### കയർ തൊഴിലാളികൾക്ക് പെൻഷൻ

| ചോദ്യം<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പെൻഷൻ ലഭിക്കുന്ന എത്ര കയർ തൊഴിലാളികൾ ഉണ്ട്; | എ) പ്രതിമാസം 600/- രൂപ കൈപ്പറ്റുന്ന 62435 പെൻഷൻകാരും പ്രതിമാസം 100/-രൂപ കൈപ്പറ്റുന്ന 1630 കുടുംബപെൻഷൻകാരും ഉൾപ്പെടെ 64065 കയർ തൊഴിലാളികൾ ഉണ്ട്. |
| ബി) കയർ തൊഴിലാളികൾക്ക് പെൻഷൻ കുടിശ്ശിക ഉ ണ്ടോ എങ്കിൽ എ ത്ര കാലത്തെ പെൻഷൻ കുടിശ്ശികയുണ്ട്; | ബി) 9/2014 മുതൽ 3/2015 വരെയുള്ള കാലയളവിലെ 7 മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. |
| സി) പെൻഷൻ കുടിശ്ശിക നൽകുന്നതിന് എത്ര തുക വേണ്ടി വരും; | സി) പെൻഷൻ കുടിശ്ശിക നൽകുന്നതിനായി 26,33,68,000/ രൂപ ആവശ്യമായി വരും. |
| ഡി) പെൻഷൻ കുടിശ്ശിക ആകാനുള്ള കാരണം വിശദമാക്കാമോ; | ഡി) 2014-15 വർഷത്തെ ബഡ്ജറ്റിൽ കയർ തൊഴിലാളികളുടെ വിവിധ ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയായ 27.5 കോടി രൂപ പൂർണ്ണമായും ആഗസ്റ്റ് മാസം വരെയുള്ള കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക ഇനത്തിൽ അനുവദിച്ചു നൽകി. പെൻഷൻ കുടിശ്ശിക നൽകുന്നതിന്, ബാക്കി തുക അധികമായി അനുവദിക്കുന്നതിനുള്ള സർക്കാർ സ്വീകരിച്ചുവരുന്നു. |
| ഇ) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കയർ വകുപ്പിനെ ബാധിച്ചിട്ടുണ്ടോ; | ഇ) ഇല്ല. |
| എഫ്) കുടിശ്ശികയായ പെൻഷൻ തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | എഫ്) പെൻഷൻ കുടിശ്ശിക നൽകുന്നതിന് തുക അധികമായി അനുവദിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ